**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങൾ സംബന്ധിച്ച കണക്കുകളിലെ അന്തരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണക്കുകളും ആരോഗ്യവകുപ്പിന്റെ കണക്കുകളും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഐ.സി.എം.ആർ ഉം, ഡബ്ല്യു.എച്ച്.ഒ യും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള പഠനം പരിശോധിച്ചിട്ടില്ല. |
| (ബി) | 2021 ജൂൺ 30 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രേഖകൾ പ്രകാരം പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തിനാല് കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ ഇതേ തീയതി വരെ ആരോഗ്യ വകുപ്പ് രേഖപ്പെടുത്തിയത് പതിമൂവായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് മരണങ്ങൾ മാത്രമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യവകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽ നിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചു തന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തു വരുന്നു. |
| (സി) | 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ ആരോഗ്യ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; | (സി) | ആരോഗ്യ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം മരണ കാരണം കോവിഡ് മൂലമോ അല്ലയോ എന്നത് ചികിത്സിച്ചിരുന്ന ഡോക്ടറാണ് സ്ഥിരീകരിക്കുന്നത്. 2021 ജൂൺ 30 വരെ ആരോഗ്യവകുപ്പ് 13325 മരണമാണ് കോവിഡ് മൂലമാണ് എന്ന് സ്ഥിരീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2021 മാർച്ച് മുതൽ മേയ് വരെയുള്ള മാസങ്ങളിൽ കോവിഡ് മരണങ്ങൾ മാനദണ്ഡപ്രകാരമാണ് റിപ്പോർട്ട് ചെയ്തത്. ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, കൃത്യമായ മെഡിക്കൽ ബുള്ളറ്റിനിൽ ജില്ലയിൽ നിന്ന് അയച്ചു തന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് മൂലമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിച്ചിരുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇവ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തിരുന്നത്. Brought dead ആയിട്ടുള്ള കേസുകൾക്ക് RTPCR പരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽ നിന്നും അയച്ചിട്ടുള്ളത് ആയവ പരിഹരിച്ച് തരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽ നിന്നും അയച്ചു തന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ് കോവിഡ്, നോൺകോവിഡ് എന്നിങ്ങനെ തിരിക്കുന്നത്. 2021 ജൂൺ 16 തീയതി മുതൽ അതാത് ജില്ലയുടെ കോവിഡ് മരണ കണക്ക് ജില്ലകൾ നേരിട്ട് ഓൺലൈനായി റിപ്പോർട്ട് ചെയ്തു വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയ മരണങ്ങൾ കണക്കിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ജൂൺ 15 വരെ മരണം പ്രഖ്യാപിച്ചിട്ടുള്ള മരണപ്രഖ്യാപന രേഖ (Death DeclaratIon Document ), ലൈൻ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസിൽ ലഭ്യമാണ്. പഞ്ചായത്ത് തലത്തിൽ ആരോഗ്യ കേന്ദ്രങ്ങളിലും ഇത് ലഭ്യമാകും. ബന്ധുക്കൾ ആരെങ്കിലും കോവിഡ് ബാധിച്ച് മരിച്ചു എന്ന് അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആയതു പരിശോധിക്കുവാൻ ഇത് വഴി സാധിക്കുന്നതാണ്. Death DeclaratIon Document ബന്ധുക്കൾക്ക് നൽകുന്നതാണ്. സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO യുടേയും ICMR ന്റേയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതത് ആശുപത്രികളിൽ നിന്നും ചികിത്സിച്ച ഡോക്ടർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ടു ചെയ്യുന്നതും, ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും, സ്ഥിരീകരിക്കുകയും ചെയ്യുന്നതും, പിന്നീട് സംസ്ഥാനതലത്തിൽ ഇത് ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നത്. തത്സമയ എൻട്രി സംവിധാനമാണ് ഇതിലുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടുത്തെ ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ് ലോഡ് ചെയ്യുന്നത്. വീട്ടിൽ വച്ച് മരണമടയുന്ന കോവിഡ് രോഗികളുടെ മരണം അതാത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇത് സ്ഥിരീകരിക്കുകയും പോർട്ടലിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്നു കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. പരമാവധി |

| | | | |
|---|---|---|---|
| | | | കൃത്യതയോടുകൂടിയാണ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ